**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3129** 19.06.2018- ൽ മറുപടിയ്ക്ക്

## പച്ചക്കറികളുടെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി. ദിവാകരൻ** | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പച്ചക്കറികളുടെ ഗുണ നിലവാരം പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്നും, സംവിധാനങ്ങൾ മെച്ച പ്പെടുത്താൻ എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചിരിക്കുന്നതെന്നും വ്യക്തമാക്കുമോ? | (എ) സംസ്ഥാനത്ത് പച്ചക്കറികളുടെ ഗുണനിലവാരം പരിശോധിക്കാൻ "സേഫ് റ്റു ഈറ്റ്" എന്ന പദ്ധതി പ്രകാരം മാർക്കറ്റുകളിൽ ലഭ്യമാകുന്ന പച്ചക്കറി സാമ്പിളുകൾ കേരള കാർഷിക സർവ്വകലാശാല ശേഖരിച്ച് അവയിലെ അവശിഷ്ട കീടനാശിനികളുടെ അളവ് പരിശോധിച്ചു വരുന്നുണ്ട്.<br>വിവിധ മാർക്കറ്റുകളിൽ നിന്നും കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും സാമ്പിളുകൾ കേരള കാർഷിക സർവ്വകലാശാല ശേഖരിച്ച് പച്ചക്കറി കളിൽ അടങ്ങിയിട്ടുള്ള കീടനാശിനി കളുടെ അളവ് പരിശോധിക്കുകയും പൊതു ജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിൽ ഉല്പാദിപ്പി ക്കുന്ന പച്ചക്കറികളിലെ കീടനാശിനിക ളുടെ സാന്നിദ്ധ്യം നിയന്ത്രിക്കുന്നതിനും കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്ന തിനും കൃഷി വകുപ്പും, ഫുഡ് സേഫ്റ്റി കമ്മീഷണറും, കാർഷിക സർവ്വകലാ ശാലയും ചേർന്നു തമിഴ്നാട് സംസ്ഥാ നത്തെ കൃഷി സ്ഥലങ്ങൾ സന്ദർശി ക്കുകയും തമിഴ്നാട് കാർഷിക സർവ്വകലാ ശാല, കൃഷി വകുപ്പ് എന്നിവരുടെ യോഗം ചേർന്ന് അമിതമായ കീടനാശിനി പ്രയോഗം ഒഴിവാക്കുനുള്ള |

നടപടി സ്വീകരിക്കുവാനും അഭ്യർത്ഥി ച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും പഴം, പച്ചക്കറികൾ എന്നിവയുടെ സാമ്പിൾ എടുത്ത് കാർഷിക സർവ്വകലാ ശാലയുടെ വെള്ളായണി ലാബിൽ പരിശോധിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**